പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ.1063

10.06.2019 -ലെ മറുപടിയ്ക്ക്

## തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് നടപടി

ചോദ്യം

ശ്രീ.എം.സ്വരാജ് :
ശ്രീ. ആർ.രാജേഷ്
ശ്രീ. വി.ജോയി
ശ്രീ. കെ.ജെ.മാക്സി

ഉത്തരം

ശ്രീ. ടി.പി.രാമകൃഷ്ണൻ
(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

എ) സംസ്ഥാനത്ത് തൊഴിലാളികളുടെ ക്ഷേമത്തിനും വികസനത്തിനുമായി ഈ സർക്കാർ എന്തെല്ലാം ഇടപെടലുകളാണ് നടത്തിവരുന്നതെന്ന് വ്യക്തമാക്കാമോ;

എ) സംസ്ഥാനത്ത് തൊഴിൽ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന 16 ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം സുതാര്യവും കാര്യക്ഷമവും ആക്കുന്നതിന്റെ ഭാഗമായി ബോർഡുകളിൽ കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കി വരികയാണ്. കമ്പ്യൂട്ടറൈസേഷൻ നടപ്പാക്കുന്നതു വഴി രജിസ്ട്രേഷൻ, അംശാദായം, ആനുകൂല്യ വിതരണം എന്നിവ സുതാര്യമാക്കുവാനും സമയബന്ധിതമായി അപേക്ഷകൾ തീർപ്പാക്കുന്നതിനും സാധിക്കും. തൊഴിലാളികളുടെ വ്യക്തിഗത വിവരങ്ങൾ അഡ്വാൻസ്ഡ് ഇൻഫർമേഷൻ ഇന്റർഫെയ്സ് സിസ്റ്റം (AIIS) സോഫ്റ്റ് വെയർ മുഖേന ഡിജിറ്റലൈസ് ചെയ്തിട്ടുണ്ട്. കൂടാതെ പെൻഷൻ വിതരണം സുതാര്യമാക്കുന്നതിനായി സേവന സോഫ്റ്റ് വെയർ ഉപയോഗിക്കുന്നുണ്ട്. കൂടാതെ 01.04.2019 മുതൽ 1200/- രൂപയായും ക്ഷേമനിധി പെൻഷൻ തുക വർദ്ധിപ്പിച്ചിട്ടുണ്ട്.

സമാന സ്വഭാവമുള്ള ക്ഷേമനിധി ബോർഡുകളെ ഏകീകരിക്കുന്നത് വഴി ഭരണചെലവ് കുറയ്ക്കുന്നതിനും തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ പരിഷ്കരിക്കുന്നതിനും കൂടുതൽ മെച്ചപ്പെട്ട രീതിയിൽ ആനുകൂല്യവിതരണം നടത്തുന്നതിനും സാധിക്കും.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മിനിമം വേതന നിയമം-1948 ന്റെ ഷെഡ്യൂളിൽ ഉൾപ്പെട്ട 26 തൊഴിൽ മേഖലകളിലെ മിനിമം വേതനം നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. 10 തൊഴിൽ മേഖലകളിൽ സർക്കാർ പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇനിയും മിനിമം വേതനം പുതുക്കി നിശ്ചയിച്ചിട്ടില്ലാത്ത മേഖലകളിൽ ആയത് പുതുക്കി നിശ്ചയിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

ബി) തൊഴിൽ മേഖലയിൽ സംസ്ഥാനം അഭിമുഖീകരിക്കുന്ന പ്രധാന വെല്ലുവിളികൾ എന്തൊക്കെയാണെന്നും അവ നേരിടുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്നും വിശദമാക്കാമോ;

ബി) കേരളത്തിന്റെ സാമൂഹിക സാമ്പത്തിക മേഖലകളുടെ സമഗ്രമായ വളർച്ചയും തൊഴിലാളി സമൂഹത്തിന്റെ ക്ഷേമൈശ്വരങ്ങളും സാമൂഹിക സുരക്ഷയും ഉറപ്പാക്കുന്നതിനായി സർക്കാർ തൊഴിൽ നയം പ്രഖ്യാപിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ അനുബന്ധം -I ആയി ചേർക്കുന്നു.

സി) നഗരഗ്രാമീണ മേഖലകളിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും തൊഴിലധിഷ്ഠിത വിദ്യാഭ്യാസം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും തൊഴിൽ വൈദഗ്ധ്യത്തിലും പരിശീലനത്തിലും നിലവാരം ഉയർത്തുന്നതിനും ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണ്; വിശദാംശം നൽകാമോ?

സി) നഗരഗ്രാമീണ മേഖലകളിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും തൊഴിലധിഷ്ഠിത വിദ്യാഭ്യാസം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും തൊഴിൽ വൈദഗ്ധ്യത്തിലും പരിശീലനത്തിലും നിലവാരം ഉയർത്തുന്നതിനും ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ അനുബന്ധം-II ആയി ചേർക്കുന്നു.

**സെക്ഷൻ ഓഫീസർ**

**അനുബന്ധം -I**

തൊഴിലുടമ-തൊഴിലാളി ബന്ധം ഊട്ടിയുറപ്പിച്ച് തദ്വാരാ കേരളത്തെ ഒരു തൊഴിൽ സൗഹൃദ സംസ്ഥാനമാക്കി ശക്തിപ്പെടുത്തുവാൻ ഈ നയത്തിലൂടെ ഉദ്ദേശിക്കുന്നു. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ മാറിയ സാഹചര്യങ്ങൾക്കനുസൃതമായി തൊഴിൽ നിയമങ്ങളിലും ചട്ടങ്ങളിലും ഉചിതമായ ഭേദഗതിഗതികൾ കൊണ്ടു വരുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും തൊഴിൽ നിയമം അനുശാസിക്കുന്നവിധം ശുചിമുറികളും വിശ്രമ മുറികളും നിർബന്ധമാക്കുകയും തൊഴിലാളികൾക്ക് തൊഴിലിടങ്ങളിൽ ഇരിപ്പിടങ്ങൾ സജ്ജമാക്കുകയും ചെയ്തു. ഈസ് ഓഫ് ഡൂയിംഗ് ബിസിനസിന് സഹായകരമായി തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട രജിസ്ട്രേഷൻ, ലൈസൻസ് നടപടിക്രമങ്ങൾ ലഘൂകരിച്ചു. സംസ്ഥാനത്തിന്റെ പല ഭാഗത്തും നോക്കുകൂലി സമ്പ്രദായം നിലനിൽക്കുന്നതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സമ്പ്രദായം നിരോധിച്ചുകൊണ്ട് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ചുമട്ടു തൊഴിൽ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും നിർത്തലാക്കുന്നതിനുമായി ജില്ലകളിൽ ഏകീകൃത കയറ്റിറക്ക് കൂലി നടപ്പിലാക്കിയിട്ടുണ്ട്.

അസംഘടിത മേഖലയിൽ പണിയെടുക്കുന്ന വിവിധ തൊഴിലാളികൾക്ക് വേതനം ഉറപ്പു വരുത്തുന്നതിനും സംസ്ഥാനത്തെ വിവിധ സ്വകാര്യ മേഖലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് വേതനം ബാങ്ക് വഴി നൽകുന്നതിനുമായുള്ള വേതന സുരക്ഷാ പദ്ധതി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ത്വരിതഗതിയിൽ നടപ്പിലാക്കിവരുന്നു. ഈ പദ്ധതി നടപ്പിലാക്കിയതുവഴി തൊഴിലാളികൾക്ക് ബാങ്ക് മുഖേന വേതനം ലഭ്യമാകുന്നതോടൊപ്പം, നിയമം അനുശാസിക്കുന്ന കുറഞ്ഞ വേതനം തൊഴിലാളികൾക്ക് യഥാസമയം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും, കൂടാതെ തൊഴിലാളികൾക്ക് വേജ് സ്ലിപ്പ് നേരിട്ട് ഓൺലൈൻ മുഖേന ലഭ്യമാക്കുന്നതിനും കഴിയുന്ന തൊഴിൽ വകുപ്പിന്റെ സേവനങ്ങൾ പൊതുജനങ്ങളിലേക്ക് വേഗത്തിൽ എത്തിക്കുവാനും, കൂടുതൽ പ്രയോജനപ്രദമാക്കാനും, പൊതുജനങ്ങൾക്ക് വകുപ്പുമായി ബന്ധപ്പെട്ട പരാതികളും സംശയങ്ങളും ദൂരീകരിക്കുന്നതിനുമായി കോൾസെന്റർ/ഹെൽപ്പ് ലൈൻ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

എൻഫോഴ്സ്മെന്റ് ജില്ലാ ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ 101 അസിസ്റ്റന്റ് ലേബർ ഓഫീസർമാർ ഉൾപ്പെടുന്ന എൻഫോഴ്സ്മെന്റ് വിഭാഗം വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും പരിശോധനകൾ നടത്തുകയും കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക് നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിക്കുകയും മിനിമം വേതനം നൽകാത്ത കേസുകളിൽ ക്ലെയിം പെറ്റീഷനും മറ്റ് വിവിധ നിയമലംഘനങ്ങൾക്ക് പ്രോസിക്യൂഷനും ഫയൽ ചെയ്തു വരുന്നു.

ഇതരസംസ്ഥാന തൊഴിലാളികൾക്ക് തൊഴിൽപരമായി ആവശ്യമായ സഹായങ്ങൾ ലഭിക്കുന്നതിനായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ ഫെസിലിറ്റേഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിന് സർക്കാർ അനുമതി ലഭിച്ചിട്ടുണ്ട്. തിരുവനന്തപുരം, എറണാകുളം ജില്ലകളിൽ ഫെസിലിറ്റേഷൻ സെന്ററുകളുടെ പ്രവർത്തനം ആരംഭിക്കുകയും കോഴിക്കോട് ജില്ലയിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നു വരികയും ചെയ്യുന്നു.

അസംഘടിത മേഖലയിൽ പണിയെടുക്കുന്ന വിവിധ തൊഴിലാളികൾക്ക് വേതനം ഉറപ്പു വരുത്തുന്നതിനും സംസ്ഥാനത്തെ വിവിധ സ്വകാര്യ മേഖലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് വേതനം ബാങ്ക് വഴി നൽകുന്നതിനും വേണ്ടി വേതന സുരക്ഷാ പദ്ധതി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ത്വരിത ഗതിയിൽ നടപ്പിലാക്കി വരുന്നു. ഇതര സംസ്ഥാന തൊഴിലാളികൾക്ക് താമസസൗകര്യം ഒരുക്കുന്നതിനായി അപ്നാഘർ പദ്ധതി, പ്ലാന്റേഷൻ മേഖലയിലെ തൊഴിലാളികൾക്കായി ഭവനം പദ്ധതി, നഗര പ്രദേശങ്ങളിലെ സ്ത്രീ തൊഴിലാളികൾക്ക് സ്റ്റുഡിയോ അപ്പാർട്ട്മെന്റ് തുടങ്ങിയവ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

Sreelaz

**സെക്ഷൻ ഓഫീസർ**

**അനുബന്ധം II**

നഗരഗ്രാമീണ മേഖലകളിൽ തൊഴിലില്ലാത്ത അഭ്യസ്ത വിദ്യർക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനായി നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിന് കീഴിലുള്ള എംപ്ലോയബിലിറ്റി സെന്ററുകൾ, മോഡൽ കരിയർ സെന്റർ എന്നിവ മുഖേന പ്രതിമാസ ജോബ് ഡ്രൈവ്/പ്ലേസ്മെന്റ് ഡ്രൈവ്/ജോബ് ഫെയർ സംഘടിപ്പിച്ച് വരുന്നുണ്ട്. കൂടാതെ സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിന് വർഷം തോറും മേഖലാടിസ്ഥാനത്തിൽ നിയുക്തി മെഗാ ജോബ് ഫെയറുകൾ സംഘടിപ്പിച്ച് വരുന്നുണ്ട്.

അതോടൊപ്പം തൊഴിൽ വൈദഗ്ധ്യത്തിലും പരിശീലനത്തിലും നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ്, ഉദ്യോഗാർത്ഥികൾക്കായി നൈപുണ്യ വികസന പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിന് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം എംപ്ലോയബിലിറ്റി സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കരിയർ സംബന്ധമായ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം കാണുന്നതിനും വിവിധ കരിയർ വികസന പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിനുമായി ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം കരിയർ ഡെവലപ്മെന്റ് സെന്ററുകളും യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ & ഗൈഡൻസ് ബ്യൂറോയോടൊപ്പം മോഡൽ കരിയർ സെന്ററുകളും ആരംഭിച്ചിട്ടുണ്ട്.

ഭിന്നശേഷിക്കാർക്ക് മാത്രമായി കായംകുളം ആസ്ഥാനമാക്കി നൈപുണ്യ പരിശീലനത്തിനായി മോഡൽ കൈവല്ല്യ സെന്റർ പ്രവർത്തിച്ച് വരുന്നു. ടി വിഭാഗക്കാർക്ക് മാത്രമായി അതിജീവനം എന്ന പേരിൽ തൊഴിൽ മേളകളും സംഘടിപ്പിച്ച് വരുന്നു.

KASE വഴി നടപ്പിലാക്കുന്ന പദ്ധതികൾ

1) മികവിന്റെ കേന്ദ്രങ്ങൾ (Centres of Excellence)

ഉന്നത നിലവാരത്തിലുള്ള തൊഴിൽ പരിശീലനം നൽകുന്ന കേരളത്തിലെ സ്ഥാപനങ്ങൾക്ക് KASE ന്റെ അംഗീകാരം (Accreditation) ലഭ്യമാക്കുന്നതോടൊപ്പം മികവിന്റെ കേന്ദ്രങ്ങൾ (Centre of Excellence) സ്ഥാപിക്കുന്നതിന് വേണ്ടിയിട്ടുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. നഴ്സിംഗ്, സെക്യൂരിറ്റി സർവീസസ്, ഓയിൽ ആന്റ് ഗ്യാസ്, ടീച്ചിങ് എന്റർപ്രെന്യൂർഷിപ്, വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ്, ബാങ്കിങ് ആന്റ് ഫിനാൻസ്, ഇൻഡസ്ട്രിയൽ ഓട്ടോമേഷൻ,പെട്രോളിയം, ആയുർവേദം, ഹോസ്പിറ്റാലിറ്റി, കൺസ്ട്രക്ഷൻ ആന്റ് ഇൻഫ്രാസ്ട്രക്ച്ചർ, ഡിസൈൻ തുടങ്ങി വിവിധ മേഖലകളിൽ പരിശീലന പദ്ധതികൾ നടപ്പാക്കിവരുന്നു.

2) കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ (KSID)

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ, അഹമ്മദാബാദിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ചാണ് KSID പ്രവർത്തിച്ച് വരുന്നത്. രണ്ടര വർഷം ദൈർഘ്യമുള്ള താഴെപ്പറയുന്ന മൂന്ന് പി.ജി ഡിപ്ലോമ കോഴ്സുകൾ KSID – യിൽ നടത്തി വരുന്നു.

- Integrated Life style Product Design,
- Integrated Textile & Apparel Design,
- IT Integrated Communication Design

3) കൗശൽ കേന്ദ്രകൾ

ഗ്രാമീണ മേഖലയിലെ യുവജനങ്ങൾക്ക് കൂടുതൽ പ്രയോജനകരമായ രീതിയിൽ കൗശൽ കേന്ദ്രയിൽ പുതിയ കോഴ്സുകൾ ഉൾപ്പെടുത്തി അസ്സെസ്സ്മെന്റ് ആന്റ് കരിയർ ഗൈഡൻസ്, ലാംഗ്വേജ്

ലാബ് സൗകര്യത്തോടുകൂടിയ കമ്മ്യൂണിക്കേഷൻ സ്കിൽ ഡവലപ്പ്മെന്റ് സെന്റർ, പ്രാഥമിക ഐ.ടി പരിശീലനം, പേഴ്സണാലിറ്റി ഡവലപ്പ്മെന്റ്, ബേസിക് ആപ്റ്റിട്യൂഡ് പരിശീലനം എന്നീ സേവനങ്ങളാണ് നിലവിൽ ലഭ്യമാകുന്നത്.

4) ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് കൺസ്ട്രക്ഷൻ (IIIC)

കെട്ടിട നിർമ്മാണ മേഖലയിൽ നിലനിൽക്കുന്ന വിദഗ്ധ തൊഴിലാളികളുടെ അപര്യാപ്തത തരണം ചെയ്യുക എന്ന ലക്ഷ്യം മുൻനിർത്തി, സംസ്ഥാന തൊഴിലും നൈപുണ്യവും വകുപ്പ് കേരളാ അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) മുഖാന്തരം നടപ്പാക്കുന്ന ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് കൺസ്ട്രക്ഷനിൽ (IIIC) കെട്ടിട നിർമ്മാണ മേഖലയിലെ മേസണറി, കാർപെന്ററി, പ്ലംബിംഗ് മുതൽ മാനേജീരിയൽ തലം വരെയുള്ള തൊഴിലധിഷ്ഠിത കോഴ്സുകളാണ് നടത്തിവരുന്നത്.

കൂടാതെ പ്രധാൻ മന്ത്രി കൗശൽ വികാസ് യോജന, കുടുംബശ്രീയുടെ സഹകരണത്തോടു കൂടിയ സ്ത്രീ ശാക്തീകരണം എന്നീ പദ്ധതികളും നടപ്പിലാക്കി വരുന്നു.

Sreedevi

**സെക്ഷൻ ഓഫീസർ**